പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3964 — 21/06/2018 ൽ മറുപടിക്ക്

## ജീവനക്കാരന്റെ തടഞ്ഞുവെച്ച ആനുകൂല്യങ്ങൾ

ചോദ്യം — മറുപടി

ശ്രീ.കെ.സി.ജോസഫ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ നൽകുന്ന പരമാവധി ഗ്രാറ്റുവിറ്റി തുക എത്രയാണ്; | (എ) | മലബാർ ദേവസ്വം ബോർഡിന്റെ ക്ഷേമനിധിയിൽ നിന്ന് 15000/- രൂപയും ക്ഷേത്രഫണ്ടിൽ നിന്നും ഫണ്ടിന്റെ ലഭ്യതയും ജീവനക്കാരന്റെ സേവന കാലാവധിയുടെ ദൈർഘ്യത്തിന്റെയും അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപയും ഗ്രാറ്റിവിറ്റിയായി അനുവദിച്ചു വരുന്നു. |
| (ബി) | ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ വയത്തൂർ കാലിയാർ ക്ഷേത്രത്തിൽ നിന്നും വിരമിച്ച കെ.മോഹൻദാസിന്റെ ഗ്രാറ്റുവിറ്റിയും ലീവ് സറണ്ടർ ആനുകൂല്യങ്ങളും നൽകാതെ തടഞ്ഞുവെച്ചത് എന്ത് കാരണത്താലാണ്; | (ബി) & (സി) | വയത്തൂർ കാലിയാർ ക്ഷേത്രത്തിൽ നിന്ന് വിരമിച്ച ശ്രീ. കെ. മോഹൻദാസിന് വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ, ടിയാൻ ക്ഷേത്രം മാനേജരായി സേവനം അനുഷ്ഠിച്ചിരുന്ന കാലയളവിലെ ഓഡിറ്റ് നടത്തി ബാധ്യതാ രഹിത സാക്ഷ്യപത്രം ലഭിച്ചാൽ മാത്രമെ ഗ്രാറ്റിവിറ്റി അനുവദിക്കാൻ കഴിയുകയുള്ളൂ. ഓഡിറ്റ് നടപടികൾ പൂർത്തീകരിക്കുന്നതിന് ട്രസ്റ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടെർമിനൽ ലീവ് സറണ്ടർ അതാത് ക്ഷേത്രം ഫണ്ടിൽ നിന്നാണ് നൽകേണ്ടത്. നിലവിൽ ജീവനക്കാരുടെ ശമ്പളച്ചെലവിനായി, മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിനെ, ആശ്രയിക്കുന്ന ക്ഷേത്രമാണിത്.ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ലീവ് സറണ്ടർ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | തടഞ്ഞുവെച്ച ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ